(സി) ഈ ആശുപത്രി എന്ന് തുടങ്ങാമെന്നാണ് ആരോഗ്യവകുപ്പ് തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ഡി) ഈ ആശുപത്രിക്ക് ആരോഗ്യവകുപ്പ് എന്ത് ധനസഹായം നൽകി;

(ഇ) ഇതിന്റെ നിർമ്മാണത്തിൽ ലഭിച്ച വിവിധ ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കണല്ലൂർ പി.എച്ച്.സി.യിൽ കിടക്കകൾ അനുവദിച്ചിട്ടില്ല. ഇപ്പോഴുള്ള സംവിധാനത്തിനനുസൃതമായി സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്.

(ബി) കിടക്കകളുടെ എണ്ണം ക്ലിപ്തപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിർദ്ദേശം സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ പ്രാഥമികാരോഗ്യ കേന്ദ്രം ഇപ്പോൾ പ്രവർത്തനക്ഷമമാണ്. അധിക ജീവനക്കാരെ അനുവദിക്കുന്നതിന് അനുസൃതമായി കിടത്തി ചികിത്സ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ഡി) സ്റ്റാഫിന്റെ ശമ്പളം ആരോഗ്യവകുപ്പാണ് നൽകുന്നത്. ഔഷധങ്ങൾ ലഭ്യമാക്കുന്നതും ആരോഗ്യവകുപ്പാണ്. കൂടാതെ 1998-99 വർഷങ്ങളിലായി 17000/-രൂപ പല ഹെഡ്ഡുകളായി കൊടുത്തിട്ടുണ്ട്.

(ഇ) കോസ്റ്റൽ ഹെൽത്ത് പ്രോഗ്രാം പ്രകാരം ഇവിടെ 10 കിടക്കകൾ ഉള്ള വാർഡ് പണിതിട്ടുണ്ട്. 2. എം.പി.മാരുടെ ഫണ്ട് സ്കീമിൽ നിന്നുമായി 10 കിടക്കകൾ വീതം (ആകെ 20) പണിയുന്നതിനുള്ള ധനസഹായം ലഭിച്ചിട്ടുണ്ട്.

134 (134) താലൂക്കാശുപത്രി അനുവദിക്കാനുള്ള നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴഞ്ചേരി താലൂക്കിലെ കോന്നി റൂറൽ പ്രൈമറി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് പത്തനംതിട്ട ജില്ലാ വികസന സമിതി 2.1.99-ൽ കൂടിയ യോഗത്തിൽ പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(സി) കൊന്നത്തോട്, അരുവായ്ക്കുലം, തണ്ണിത്തോട്, തേക്കത്തോട് തുടങ്ങിയ മലയോര പ്രദേശവാസികളുടെ ഏറ്റവും അടുത്ത പ്രദേശവും ഉയർന്ന ജനസാന്ദ്രതയുള്ളതുമായ കോന്നിയിൽ താലൂക്ക് ആശുപത്രി അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) കോന്നി പ്രാഥമികാരോഗ്യകേന്ദ്രം ഉൾപ്പെട്ട കോഴഞ്ചേരി താലൂക്കിൽ ജനറൽ ആശുപത്രി പത്തനംതിട്ടയും ജില്ലാ ആശുപത്രി കോഴഞ്ചേരിയിലും പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ കോന്നി പ്രൈമറി ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly

സെന്റർ താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുവാൻ നിലവിലുള്ള മാനദണ്ഡമനുസരിച്ച് നിർവ്വാഹമില്ല.

135 (135) അഴീക്കോട് ഹെൽത്ത് സെന്റർ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി സെന്ററായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാമൂഹ്യാരോഗ്യകേന്ദ്രം നിലവിലില്ലാത്ത ബ്ലോക്കുകളിൽ, ബ്ലോക്കുതല പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ പദ്ധതിവിഹിതം അനുസരിച്ച് ഘട്ടംഘട്ടമായി ഉയർത്തുക എന്നതാണ് നിലവിലുള്ള സർക്കാർ നയം. അഴീക്കോട് ബ്ലോക്കിൽ സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ അഴീക്കോട് പി.എച്ച്.സി.യെ പദ്ധതി വിഹിതം ലഭിക്കുന്ന മുറയ്ക്ക് സി.എച്ച്. സി.യായി ഉയർത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

136 (136) സർക്കാർ ആശുപത്രി കെട്ടിടങ്ങൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾ പഴകിപ്പൊളിഞ്ഞ കെട്ടിടങ്ങളിൽ പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) എവിടെയെല്ലാം വാടകക്കെട്ടിടങ്ങളിൽ സർക്കാർ ആശുപത്രികൾ നടത്തുന്നു;

(ഡി) ഈ ആശുപത്രികൾക്കുവേണ്ടി ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടങ്ങൾ പണിയുവാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)& (ബി) ചില കെട്ടിടങ്ങൾ പഴക്കമുള്ളവയാണ്.

(സി) ഉത്തരം അനുബന്ധമായി ചേർക്കുന്നു[+]

(ഡി)&(ഇ) മെഡിക്കൽ കോളേജ്/ജില്ലാ/ജനറൽ ആശുപത്രികളൊഴികെയുള്ള ആരോഗ്യ വകുപ്പിലെ വിവിധ സ്ഥാപനങ്ങളുടെ പൂർണ്ണമായ നിയ

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly